# I

# കേരളം ആദ്യനൂറ്റാണ്ടുകളിൽ



# പ്രാചീന കേരളം

**ഓ**രോ മനുഷ്യനും ഒരു കുട്ടിക്കാലമുണ്ട്. അതുപോലെ മനുഷ്യസമുദായത്തിനുമുണ്ട് ഒരു ശൈശവകാലം. മനുഷ്യസമുദായത്തിന്റെ ശൈശവകാലം എന്നത് കാടരുടെ കാലമാണ്. 'കാടത്തയുഗം' എന്ന് ചരിത്രകാരന്മാർ അതിനെ പറയുന്നു. മൃഗങ്ങളെ വേട്ടയാടിയിരുന്ന ആ കാലത്ത് കല്ലുകൊണ്ട് ആയുധം ഉണ്ടാക്കുകയും അതുപയോഗിച്ച് വേട്ടയാടിക്കിട്ടുന്ന മാംസം തീയിലിട്ട് വേവിച്ചുതിന്നുകയുമായിരുന്നു രീതി.

തുടർന്നുള്ള കാലങ്ങളിൽ ആയുധങ്ങൾക്ക് മാറ്റം വന്നു. കല്ലുകൊണ്ടുള്ള ആയുധങ്ങൾക്കു പകരം അമ്പും വില്ലുമുണ്ടാക്കി വേട്ടയാടാൻ തുടങ്ങി. അതോടെ 'കാടത്തയുഗം' അവസാനിച്ചതായി കണക്കാക്കുന്നു. പിന്നീടുള്ള കാലഘട്ടത്തെയാണ് 'അപരിഷ്കൃതയുഗ'മെന്നു പറയുന്നത്. അങ്ങനെ നൂറ്റാണ്ടുകൾ കടന്നുപോയി. ഭൂമിയും കൃഷിയുമായിരുന്നു മനുഷ്യസമുദായത്തിന്റെ അടിത്തറ. ഇന്നത്തെപ്പോലെ മിനുസമുള്ളവ അല്ലെങ്കിലും അക്കാലത്തും മൺപാത്രങ്ങൾ ഉപയോഗിച്ചിരുന്നു. അപരിഷ്കൃതമായ ആ യുഗത്തെ 'ശിലായുഗം' എന്നു വിളിച്ചു. ശിലായുഗത്തെ പ്രാചീനശിലായുഗം, മധ്യശിലായുഗം, നവീനശിലായുഗം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു.

കേരളക്കരയിൽനിന്ന് പ്രാചീനശിലായുഗകാലത്തിന്റേതോ മധ്യശിലായുഗകാലത്തിന്റേതോ ആയ ഒരായുധവും കണ്ടുകിട്ടിയിട്ടില്ല. നവീനശിലായുഗകാലത്തെ ആയുധങ്ങളും കുറവാണ്. എന്നാൽ അടുത്തകാലത്ത് പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴയുടെ തീരങ്ങളിൽനിന്ന് ചില നവീനശിലായുധങ്ങൾ കണ്ടെടുക്കാൻ സാധിച്ചു. 1982 മേയ് മാസത്തിൽ കൊല്ലം ജില്ലയിൽ തെൻമലയുടെ പല ഭാഗങ്ങളിൽനിന്നുമായി ചരിത്രാതീത കാലത്തേക്ക് വെളിച്ചം വീശുന്ന തെളിവുകളും ലഭിച്ചിട്ടുണ്ട്.

ശിലയിൽ നിർമിച്ച ചില പ്രാചീനായുധങ്ങൾ ആദ്യമായി കണ്ടെടുത്തത് തമിഴ്നാട്ടിൽനിന്നാണ്. 1863-ൽ റോബർട്ട് ബ്രൂസ്ഫൂട്ടെ (R.Bruce Foote) എന്ന ഭൂഗർഭ ശാസ്ത്രജ്ഞനാണ് തമിഴ്നാട്ടിലെ പല്ലാവരത്തുനിന്ന് ആയുധങ്ങൾ കണ്ടെടുത്തത്. പിന്നീട് ഇന്ത്യയുടെ പല ഭാഗങ്ങളിൽനിന്നും പരുക്കൻ ആയുധങ്ങൾ ലഭിച്ചു. കല്ലുകൊണ്ടുള്ള കൈക്കോടാലി, വെട്ടുകത്തി, ചുരണ്ടി, തോലുളി, കൊത്തുളി, കന്മഴു എന്നിവ ആ കൂട്ടത്തിൽപ്പെടും.

ലഭിച്ച ആയുധങ്ങളിൽ ശ്രദ്ധാപൂർവം മിനുസപ്പെടുത്തിയിട്ടുള്ളത് കന്മഴുവാണ്. അതിനാൽ ചരിത്രപരമായി പ്രാധാന്യമുള്ള ഉപകരണമാണ് കന്മഴു. നവീനശിലായുഗത്തിൽ ഉപയോഗിച്ചിരുന്ന പ്രധാന ആയുധമായാണ് അത് കണക്കാക്കപ്പെടുന്നത്. പാലക്കാട്, മലപ്പുറം, കൊല്ലം ജില്ലകളിൽനിന്ന് ഇത്തരം ആയുധങ്ങൾ കണ്ടെടുത്തിട്ടുണ്ട്.



ശിലായുഗത്തിലെ ചില ആയുധങ്ങൾ

ബി.സി. 15,000 മുതൽ ആരംഭിക്കുന്ന ശിലായുഗത്തിലെ മൂന്നാം ഘട്ടമാണ് നവീനശിലായുഗം. ഇത് ഏകദേശമായി കാലനിർണയനം ചെയ്തിട്ടുള്ളത് ബി.സി 6,000-ത്തിനും 1,000-ത്തിനും ഇടയ്ക്ക് എന്നാണ്. അതിനുശേഷമാണ് ഇരുമ്പ് ഉപയോഗിച്ചിരുന്ന 'പെരുങ്കൽ സംസ്കൃതി'യുടെ കാലം. നവീനശിലായുഗത്തിൽ, ബി.സി 5000-ത്തിനും 1500-നും മധ്യേയാണ് കന്മഴു ഉപയോഗിച്ചിരുന്നത്.

ചാലക്കുടിപ്പുഴയുടെ തടങ്ങളിൽനിന്ന് ആയിരത്താണ്ടുകൾ പഴക്കമുള്ളതെന്നു കരുതുന്ന കന്മഴുക്കൾ* അടുത്തിടെ ലഭിക്കുകയുണ്ടായി. ഇവയുടെ കാലനിർണയം കൃത്യമായി ഇനിയും നടന്നിട്ടില്ല.

മരക്കൊമ്പുകൾ ചേർത്തുകെട്ടുമ്പോൾ വഴുതിപ്പോകാതിരിക്കാനുള്ള ചുഴിപ്പ് കന്മഴുവിൽ കാണാം. ഇതിനുമുൻപ് പെരിയാർതീരത്തുനിന്ന് നാൽപ്പതിലധികം കല്ലുകൾ കണ്ടെടുത്തിട്ടുണ്ട്. ചാലക്കുടിപ്പുഴയുടെ ഓരത്തുനിന്നും കന്മഴുക്കൾ കണ്ടെടുത്തതോടെ മധ്യകേരളത്തിന്റെ ചരിത്രത്തിൽ നവീനശിലായുഗം സ്ഥാനംപിടിക്കുന്നു. ചാരനിറവും പച്ചനിറവുമുള്ളതാണ് ഇവിടെനിന്നു ലഭിച്ച കല്ലുകൾ. മരക്കൊമ്പിനോടു ചേർത്തു

* പുഴ ഗതിമാറി ഒഴുകിയപ്പോൾ രൂപംകൊണ്ട 'കൊണ്ടൊഴിഞ്ഞാ'റിലും, സമീപത്തുള്ള വൈന്തലയിലും ചരിത്രകാരൻ ഡോ. എം.ജി. ശശിഭൂഷൺ ഈയിടെ നടത്തിയ പര്യവേക്ഷണത്തിലാണ് ഇവ കണ്ടെടുത്തത്.

കെട്ടി ശിഖരങ്ങൾ മുറിക്കാനും കാട്ടുപോത്ത് തുടങ്ങിയവയുടെ തോൽ അറുത്തെടുക്കാനും മാംസം മുറിക്കാനുമായിരിക്കാം ഇവ ഉപയോഗിച്ചിരുന്നത്.

നവീനശിലായുഗത്തിന്റെ അവസാനകാലത്താണ് ഇന്ത്യയിൽ ആര്യവത്കരണം നടന്നത്. വേദങ്ങളും ഉപനിഷത്തുകളും രൂപപ്പെട്ടതും, ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും രചിക്കപ്പെട്ടതും ഈ ഘട്ടത്തിലാണ്.



ചാലക്കുടിപ്പുഴയുടെ തടങ്ങളിൽനിന്ന് കണ്ടെടുത്ത കന്മഴുക്കൾ

നവീനശിലായുഗത്തിൽ മനുഷ്യൻ കൃഷിയിലേക്ക് പ്രവേശിച്ചിരുന്നു. തത്കാലത്തേക്ക് വെട്ടിത്തെളിച്ചുണ്ടാക്കിയ സ്ഥലങ്ങളിൽ കടുംകൃഷിയാണ് ചെയ്തിരുന്നത്. ഒരുതരം നാടോടികൃഷി എന്നും പറയാം. വിളവെടുത്തു കഴിഞ്ഞാൽ ഉടനെ സ്ഥലം ഉപേക്ഷിച്ചുപോകും. കൃഷിപ്പണിക്ക് കേരളത്തിലെ പല പ്രാകൃതവർഗക്കാരും 'നിലംതോണ്ടി' ഉപയോഗിച്ചിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അറ്റത്ത് ശിലാഖണ്ഡം പിടിപ്പിച്ച കൂർത്തമുനയുള്ള വടിയാണ് നിലംതോണ്ടി. 'കുഴിവടി' എന്നും അതിനെ പറയും. വിത്തിടുന്നതിനുമുൻപ് നിലമൊരുക്കാനും കിഴങ്ങുകൾ പറിച്ചെടുക്കാനും കർഷകർക്ക് നിലംതോണ്ടി സഹായകമായിട്ടുണ്ടാകാം.

നാടോടികൃഷി സമ്പ്രദായത്തിൽനിന്ന് ക്രമേണ പുരോഗമിക്കുകയും ഒരിടത്ത് കേന്ദ്രീകരിച്ച് കൃഷിചെയ്യാൻ തുടങ്ങുകയും ചെയ്തു. അതോടെ മനുഷ്യൻ സ്ഥിരതാമസവും ആരംഭിച്ചു. ഭൂമിദേവിയെ ആരാധിക്കാനും തുടങ്ങി. നവീനശിലായുഗത്തിൽ ഈജിപ്ത്, സിറിയ, ഇറാൻ എന്നിവിടങ്ങളിലും മെഡിറ്ററേനിയൻ പ്രദേശങ്ങളിലുമെല്ലാം ദേവീപൂജയ്ക്ക് പ്രചാരമുണ്ടായിരുന്നു. ഈ സ്ഥലങ്ങളിൽനിന്നു ലഭിച്ച കളിമണ്ണിലോ കല്ലിലോ എല്ലിലോ നിർമിച്ച സ്ത്രീരൂപങ്ങളിൽനിന്ന് ഇതു മനസ്സിലാക്കാം.

# മഹാശിലാസംസ്കാരം

**ന**വീനശിലായുഗം കഴിഞ്ഞ്, ബി.സി 6–ാം നൂറ്റാണ്ടിനും എ.ഡി 1–ാം നൂറ്റാണ്ടിനും ഇടയ്ക്ക് തെക്കേ ഇന്ത്യയിൽ വ്യാപിച്ചിരുന്നതാണ് 'മഹാ ശിലാസംസ്കാരം.' ഈ സംസ്കാരത്തെ 'ശ്മശാന ശിലാസംസ്കാര' മെന്നും ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നു.

മനുഷ്യൻ മരണപ്പെട്ടാൽ ഭൗതികശരീരം കുഴിച്ചിടുകയാണ് ചെയ്തി രുന്നത്. എന്നാൽ ആധ്യാത്മികപരിവേഷത്തോടെ ഒരു ശവസംസ്കാരം ആവശ്യമാണെന്ന് മനുഷ്യൻ വിശ്വസിച്ചു. അങ്ങനെ പ്രത്യേകം കുഴിച്ചു ണ്ടാക്കിയ കുഴിമാടങ്ങളിൽ ശവം മറവുചെയ്യാൻ തുടങ്ങി. ചിലപ്പോൾ, മണ്ണിട്ടുമൂടിയശേഷം മീതെ കല്ലെടുത്തുവയ്ക്കുന്ന രീതിയും ഉണ്ടായി. അക്കാലത്തെ മനുഷ്യർ ഏതുവിധമാണ് ജീവിച്ചിരുന്നതെന്ന് അറിയാൻ സാധിക്കുന്നത് മണ്ണടിഞ്ഞ ശവകുടീരങ്ങളുടെ സ്വഭാവത്തിൽനിന്നാണ്.

ഏതായാലും, കൃഷി ചെയ്തും അന്യനാടുകളുമായി വ്യാപാരത്തിലേർ പ്പെട്ടും കഴിഞ്ഞുകൂടിയിരുന്ന ഒരു പ്രാചീനജനത കേരളത്തിൽ ഉണ്ടായി രുന്നു. ഇതിനു തെളിവായി കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പ്രാചീന ശവകുടീരങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. കുടക്കല്ല്, നടുക്കല്ല്, പടക്കല്ല്, പുലച്ചിക്കല്ല് (മാസതിക്കല്ല്), തൊപ്പിക്കല്ല്, മുതുമക്കച്ചാടി (മുതുമക്കത്താഴി), പാണ്ഡവക്കുഴി (പാണ്ഡുകുഴി), പഞ്ചപാണ്ഡവർമഠം, കൽമേശ, നന്നങ്ങാടി എന്നിങ്ങനെ പലതരത്തിലുമുള്ള പ്രാകൃത ശവ ക്കല്ലറകളാണ് അവ.

ശവം സംസ്കരിക്കാനോ മരിച്ചവരുടെ ഓർമ നിലനിറുത്താനോ വേണ്ടി കൂറ്റൻ കല്ലുകൾ പടുത്തുണ്ടാക്കിയ അറകളും സ്തംഭങ്ങളുമാണ് 'മഹാ ശില.' ശവം ദഹിപ്പിക്കുകയോ സ്വയം ജീർണിക്കാൻ വിടുകയോ ചെയ്യും. അതിനുശേഷം തലയോട്ടിയും അസ്ഥികളും സഞ്ചയിച്ച് സംസ്കരിക്കുക എന്നതായിരുന്നു ഒരു രീതി. ഇങ്ങനെ ചെയ്യുന്നത് 'ഭാഗിക ശവ സംസ്കാരം' എന്നാണ് അറിയപ്പെടുന്നത്. അസ്ഥികൾ കലശങ്ങളിലോ, ചാടി(താഴി)കളിലോ ആക്കി കുഴിച്ചിടും, അതല്ലെങ്കിൽ കല്ലറകളിൽ അടക്കം ചെയ്യും. ആയുധങ്ങൾ, ആഭരണങ്ങൾ, ഉപകരണങ്ങൾ, പാത്ര ങ്ങൾ, നാണയങ്ങൾ തുടങ്ങി പരേതന്റെ സമ്പത്തുകളും അസ്ഥികളോ ടൊപ്പം അടക്കം ചെയ്യും. മൃതശരീരമോ അസ്ഥിപഞ്ജരമോ പ്രത്യേകം

തയ്യാറാക്കിയ അറകളിൽ അടക്കം ചെയ്യുന്ന രീതിയും ഉണ്ടായിരുന്നു. ഈ രീതിയാണ് 'സമ്പൂർണ സംസ്കാരം.'

മഹാശിലാസ്മാരകങ്ങളിൽ കേരളത്തിന് പ്രത്യേകമായുള്ളത് ചെങ്കല്ലറകളാണ്. മുനിയറ എന്നും പറയും. കേരളത്തിലെ തീരദേശങ്ങളിലാണ് ചെങ്കല്ലറകൾ കാണപ്പെടുന്നത്.

### കുടക്കല്ലുകൾ - കല്ലറകൾ


തിരുവനന്തപുരം, ഇടുക്കി, തൃശൂർ, കണ്ണൂർ, വയനാട്, പാലക്കാട്, കൊല്ലം തുടങ്ങി കേരളത്തിലെ ഒട്ടുമിക്ക ജില്ലകളിൽനിന്നും മഹാശിലാസംസ്കാരത്തിന്റെ ശേഷിപ്പുകൾ കണ്ടെത്തുകയുണ്ടായി. തിരുവനന്തപുരത്ത് പുളിമാത്ത് എന്ന സ്ഥലത്തുനിന്ന് കുറെ ശവക്കല്ലറകൾ കണ്ടെടുത്തു. ഓട്ടുമണികളടങ്ങിയ ചെറിയ കുടങ്ങളും കല്ലറകളിൽ ഉണ്ടായിരുന്നു. കുഴിച്ചിട്ടിരുന്ന ചാടി(താഴി)കളും ഇതേ സ്ഥലത്തുനിന്നു ലഭിച്ചു. മൂന്നാറിൽ മറയൂരിനടുത്ത് കൂടക്കാട് വനത്തിലും തെന്മലയിൽ ചെന്തുരുണിയിലും പാറപ്പൊത്തുകൾ കണ്ടെത്തി. കുന്നത്തൂർ താലൂക്കിലെ പൂതംകരയിലും മഹാശിലകളുള്ള ഒരു പ്രദേശംതന്നെ കണ്ടുപിടിച്ചു. 25 അടിയോളം ചുറ്റളവുള്ള കരിങ്കൽവലയങ്ങളാണ് അവിടെ കണ്ടെത്തിയത്. കുന്നത്തുനാട് താലൂക്കിലെ കോടനാട്ടുനിന്ന് 1963-ൽ കണ്ടുകിട്ടിയ അവശിഷ്ടങ്ങളിൽ താടി വളർത്തിയ പുരുഷന്മാരുടെയും പൂജയിലേർപ്പെട്ട സ്ത്രീകളുടെയും കോലങ്ങളുണ്ട്. കൊത്തുപണികളുള്ള മൺകുടങ്ങളും ആനക്കൊമ്പുകളും ഇവിടെനിന്നു ലഭിച്ചു.

തൃശൂർ പ്രദേശങ്ങളിലും മഹാശിലാസ്മാരകങ്ങളുണ്ട്. മലകൾക്കു മുകളിലുള്ള കൽത്തറകളിൽ മൂന്നുനാലടി ഇടവിട്ടാണ് ഇവയുടെ നിർമാണം. ചിലതിന് ഒരു വശത്ത് പഴുതുണ്ടായിരിക്കും. കുന്നംകുളത്തിനടുത്ത് പോർക്കുളം എന്ന സ്ഥലത്ത് ഇത്തരം പഴുതറകളുണ്ട്. പോർക്കുളം കേരളത്തിലെ പ്രധാനപ്പെട്ട മഹാശിലാസംസ്കാരകേന്ദ്രങ്ങളിൽ ഒന്നാണ്. ഇവിടത്തെ പഴുതറകൾക്ക് തിരുവില്വാമലയിലെ പഴുതറയിൽ കണ്ടെത്തിയ ഒന്നിനോട് സാദൃശ്യമുള്ളതായി പറയുന്നു. തിരുവില്വാമലയിലെ പഴുതറയിൽ വളഞ്ഞ മഞ്ഞവരകൾകൊണ്ട് അലങ്കരിച്ച ചുവന്ന മൺപാത്രം ഉണ്ടായിരുന്നു.

തൃശൂരിലെ ആനപ്പാറയിൽ ഒരു 'നടുക്കല്ലു'ണ്ട്. പടക്കല്ല് എന്നും പുലച്ചിക്കല്ല് എന്നും അതിനു പേരുകളുണ്ട്. അപൂർവമായി കാണപ്പെടുന്ന നടുക്കല്ലുകൾ പക്ഷേ, ചെങ്കൽപ്രദേശങ്ങളിൽ ധാരാളമായി കാണാം. തൃശൂരിലെ ചെങ്കൽപ്രദേശങ്ങളിൽ കാണുന്ന ശവകുടീരങ്ങൾ നടുക്കല്ലുകളല്ല, 'തൊപ്പിക്കല്ലു'കളും 'കുടക്കല്ലു'കളുമാണ്. ഇവയ്ക്കു മുകളിൽ അർധഗോളാകൃതിയിലുള്ള ചെങ്കൽപാളിയുണ്ട്. അതിനുതാഴെ ചെങ്കൽ തുരന്നു

ണ്ടാക്കിയ ഗുഹയോ, 'മുതുമക്കച്ചാടി'(മുതുമക്കത്താഴി)യോ കാണും. തൃശൂരിൽ കുന്നംകുളത്തിനടുത്ത് ഇയ്യാൽ എന്ന പ്രദേശത്ത് ഇതു പോലുള്ളവ രണ്ടു ഡസനോളം കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാന പുരാവസ്തുവകുപ്പിന്റെ രേഖകളിൽ പതിനൊന്ന് മുനിയറ കളാണുള്ളത്. ഇവയിൽ ഒന്നേ അവശേഷിച്ചിട്ടുള്ളൂ. എന്നാൽ തൃശൂരിൽ മുപ്ലിയത്തെ മുനിയാട്ടുകുന്നിൽ ഏതാനും മുനിയറകൾ കൂടി ഈയിടെ കണ്ടെത്തി. ചിലത് തകർന്ന നിലയിലാണ്. മൃതദേഹം സംസ്കരിച്ചശേഷം മൺകുടങ്ങളിലാക്കി വയ്ക്കുകയായിരുന്നു. അവശിഷ്ടങ്ങൾ 'കാർബൺ ഡേറ്റിങ്' പരിശോധന നടത്തിയാണ് മുനിയറകളുടെ കാലപ്പഴക്കം നിശ്ചയിക്കുന്നത്. മുനിയറകൾ ബുദ്ധ-ജൈന സംന്യാസിമാരുടെ വാസ സ്ഥലമാണെന്നും ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. 1937-ൽ തിരു-കൊച്ചി സർക്കാർ മുനിയാട്ടുകുന്നിനെ സംരക്ഷിതമേഖലയായി പ്രഖ്യാപിച്ചിരുന്നു. കേന്ദ്രപുരാവസ്തുവകുപ്പിന്റെ രേഖകളിൽ പക്ഷേ, മുനി യാട്ടുകുന്നിനെക്കുറിച്ച് പറയുന്നില്ല.



മുനിയാട്ടുകുന്നിൽ കണ്ടെത്തിയ മുനിയറ

കുന്നംകുളം-വടക്കാഞ്ചേരി റൂട്ടിൽ വെള്ളറക്കാട് ജങ്ഷനു സമീപം ചിറമനേങ്ങാട് എന്ന സ്ഥലത്ത് ധാരാളം തൊപ്പിക്കല്ലുകളും (കുടക്കല്ല്) നടുക്കല്ലുകളും 'കുത്തുകൽ മണ്ഡപ'ങ്ങളും കാണാം. അവ ദൂരെനിന്നു നോക്കിയാൽ വലിയ കൂണുകൾ ആണെന്നേ തോന്നൂ. 'കുടക്കൽപറമ്പ്' എന്നാണ് സ്ഥലത്തിനു പേര്. 1951-ലെ പുരാവസ്തു നിയമമനുസരിച്ച് ഈ പറമ്പ് 'ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ' ഏറ്റെടുത്തു.

1989–90–ൽ പുരാവസ്തുവകുപ്പ് കല്ലറകൾ തുറന്നു പരിശോധിച്ചു. മഹാശിലാസംസ്കാരത്തിന്റെ വിലമതിക്കാനാകാത്ത തെളിവുകൾ അവർക്കു ലഭിച്ചു.

ഈ കല്ലറകൾക്കുതാഴെ, മണ്ണിൽ കുഴിച്ചിട്ട ഏകദേശം ഒന്നരമീറ്റർ ഉയരമുള്ള മൺഭരണികൾ കണ്ടെത്തി. ചുറ്റും ചിത്രപ്പണികൾ ഉണ്ടായിരുന്ന ഭരണികളിൽ അരിച്ചെടുത്ത മണൽ നിറച്ചിട്ടുണ്ടായിരുന്നു. ഇതിൽനിന്ന് മൃഗങ്ങളുടെ അസ്ഥികൾ, ഇരുമ്പിൽ നിർമിച്ച അരിവാൾ, കത്തികൾ, മീൻ പിടിക്കാവുന്ന ചൂണ്ട, അമ്പ്, കുന്തമുന, മാല കോർക്കാൻ ഉപയോഗിക്കുന്ന മണികൾ, കറുപ്പും ചുവപ്പും ചായം പൂശിയ ചെറിയ മൺപാത്രങ്ങൾ, സ്വർണാഭരണങ്ങൾ എന്നിവ ലഭിച്ചു. എന്നാൽ മനുഷ്യന്റെ അസ്ഥികളൊന്നും ഈ ശവകുടീരങ്ങളിൽനിന്ന് ലഭിച്ചില്ല.



ചിറമനേങ്ങാട് കുടക്കൽപറമ്പിലെ കുടക്കല്ലുകൾ

ചിറമനേങ്ങാട് കുടക്കൽപറമ്പിൽനിന്ന് എട്ടു കിലോമീറ്ററോളം ദൂരെയാണ് ചൊവ്വന്നൂർ ഗുഹ. ചെറിയൊരു ഗുഹയാണെങ്കിലും, ചരിത്രത്തിന്റെ ശേഷിപ്പുകൾ ഈ പ്രദേശത്തുണ്ട്. വാഴാനി അണക്കെട്ട് സ്ഥിതിചെയ്യുന്നത് കുടക്കൽപറമ്പിൽനിന്ന് 17 കിലോമീറ്റർ അകലത്തിലാണ്. (മണ്ണുകൊണ്ടു നിർമിച്ച ഇന്ത്യയിലെ ആദ്യത്തെ അണക്കെട്ടാണ് വാഴാനി അണക്കെട്ട്. പഴയ കാലത്തിന്റെ എഞ്ചിനീയറിങ് വിസ്മയമാണ് ഇത്.)

പോർക്കുളത്തുമുണ്ട് തൊപ്പിക്കല്ലുകളും കുടക്കല്ലുകളും. തൃശൂർ നഗരത്തിന്റെ ഹൃദയഭാഗത്തുനിന്ന് 1966–ൽ അനേകം ചാടികൾ (വലിയ മൺഭരണികൾ) കുഴിച്ചെടുത്തു. കറുപ്പും ചുവപ്പും നിറമുള്ള ചാടികളുടെ കഴുത്ത് ചിത്രങ്ങളാൽ അലങ്കരിച്ചിരുന്നു. മുതിർന്നവരെ മുഴുവനോടെ ഇതിൽ സംസ്കരിച്ചിരുന്നതായി മനസ്സിലാക്കാം. കേരളത്തിൽനിന്നു ലഭിച്ചിട്ടുള്ള ഏറ്റവും വലിയ മുതുമക്കത്താഴികളാണ് ഇവ.

കൊടുംകല്ലറകൾ, കൽവലയങ്ങൾ, നടുക്കല്ലുകൾ, തൊപ്പിക്കല്ലുകൾ എന്നിവ മലബാർ പ്രദേശത്തുനിന്നു കണ്ടെത്തിയിട്ടുണ്ട്. കൊടയ്ക്കൽ, ഇരിങ്ങല്ലൂർ, ചോക്കൂർ, മഞ്ചേരി, നിലമ്പൂർ, സുൽത്താൻ ബത്തേരി,

മുപ്പായിനാട്, പത്തടി, തളിപ്പറമ്പ് മുതലായവയാണ് മലബാറിൽ മഹാ ശിലാസ്മാരകങ്ങളുള്ള മുഖ്യസ്ഥലങ്ങൾ. മലപ്പുറം ജില്ലയിൽ എടപ്പാളി നടുത്ത് ആനക്കരയിലും ശിലാഗുഹകൾ ഉണ്ട്. മൃതദേഹങ്ങൾ അടക്കം ചെയ്യാൻ ഉപയോഗിച്ചിരുന്നതും നൂറ്റാണ്ടുകൾ പഴക്കമുള്ളതുമായ നന്ന ങ്ങാടികൾ കേരളത്തിൽ നിരവധി സ്ഥലങ്ങളിൽനിന്ന് ലഭിച്ചു. ബി.സി. 5-6 നൂറ്റാണ്ടുകളിലാണ് ഇവ ഉപയോഗിച്ചിരുന്നത്. പാലക്കാട് ജില്ലയിലെ വട്ടക്കാടുപറമ്പിൽ മുന്നൂറോളം നന്നങ്ങാടികൾ കണ്ടെത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രാമക്കൽമേട്ടിനടുത്തും ഏതാനും നന്നങ്ങാടികൾ കണ്ടെത്തി യിരിക്കുന്നു.



തൃശൂരിലെ മഴുവഞ്ചേരിയിൽനിന്ന് കണ്ടെടുത്ത നന്നങ്ങാടികൾ

## വീരക്കല്ലുകൾ (Hero Stones)

നവീനശിലായുഗത്തിന്റെ അവസാനഘട്ടത്തിൽ ജീവിച്ചിരുന്ന വീര പുരുഷന്മാരുടെയും വീരാംഗനമാരുടെയും ചരിത്രം സൂചിപ്പിക്കുന്ന വീര ക്കല്ലുകൾ കണ്ടെത്തിയിട്ടുണ്ട്. രൂപങ്ങളോ, ലിഖിതങ്ങളോ ആയാണ് ഇവകളിലെ ചിത്രീകരണം. മറയൂരിലും കർണാടകയിലും ഇത്തരം വീര ക്കല്ലുകളുണ്ട്.

## ശിലാനിർമിത ഗുഹകൾ

ശിലാസ്മാരകങ്ങളായിത്തന്നെയാണ് ശിലയിൽ നിർമിച്ച ഗുഹകളെയും കണക്കാക്കുന്നത്. കേരളത്തിൽ തൃശൂർ ജില്ലയിൽ ചൊവ്വന്നൂർ, കണ്ടാണ ശ്ശേരി, കക്കാട്, പോർക്കുളം, ഇയ്യാൽ, കാട്ടകമ്പാൽ എന്നിവിടങ്ങളിലേ താണ് പ്രധാനപ്പെട്ട ഗുഹകൾ. അധികം ഗുഹകളിലും മേൽഭാഗം അർധ വൃത്താകൃതിയിലാണ്. സമചതുരമോ ദീർഘചതുരമോ വർത്തുളമോ ആയ ഒരു തൂണ് മധ്യത്തിൽ ഉണ്ടായിരിക്കും. മറ്റു ചിലതിൽ മേൽഭാഗത്ത് നടുക്ക്

വട്ടത്തിൽ ഒരു ദ്വാരമുണ്ടാകും. പോർക്കുളത്തെ ഗുഹകളിലും ഇയ്യാലിലെ ഇരട്ടഗുഹകളിൽ ഒരെണ്ണത്തിൽമാത്രവും ഒരു തൂണ്, തറയുടെ നടുക്കുണ്ട്. കണ്ടാണശ്ശേരിയിലെയും കക്കാട്ടെയും ഗുഹകളുടെ മേൽഭാഗത്ത് ദ്വാരമുണ്ട്. കാട്ടകമ്പാലിലുള്ള ഗുഹകൾ തുരന്ന് അറകൾ ഉണ്ടാക്കിയതായി കാണാം. ഇയ്യാലിൽ പുറത്തെ അറ മുൻവശത്തുള്ള പ്രധാന ഗുഹയ്ക്കും വലതുവശത്തുള്ള ചെറിയ ഗുഹയ്ക്കും പൊതുവാണ്. ഗുഹകളിൽ മൺപാത്രങ്ങളും ഇരുമ്പായുധങ്ങളുമുണ്ട്. ഭൂഗർഭഗുഹകളിൽ കാണുന്ന മൺപാത്രങ്ങളും ഇരുമ്പായുധങ്ങളും അവ ശവകുടീരങ്ങളാണ് എന്നതിനു തെളിവാണ്.

കോഴിക്കോട് ജില്ലയിൽ ഫറോക്കിനടുത്തുള്ള ചാത്തപ്പറമ്പ് എന്ന സ്ഥലത്ത് അനവധി ശവക്കല്ലറകളുള്ള ഒരു ചെങ്കൽക്കുന്നുണ്ട്. അവിടെ ചില ഗുഹകളിൽ മനോഹരമായ ചെങ്കൽമണികൾ ഉണ്ടായിരുന്നു.

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരിക്കടുത്തുള്ള എടയ്ക്കൽ മലയുടെ പടിഞ്ഞാറേ ചരിവിലെ ഗുഹയിൽനിന്ന് മനുഷ്യർ, മൃഗങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ രൂപങ്ങൾ, കൗതുകകരമായ കൊത്തുപണികൾ, ലിഖിതങ്ങൾ എന്നിവ കണ്ടെത്തി. കൊത്തുപണികളിലെ ചിഹ്നങ്ങളിൽ മാന്ത്രികരേഖകളും പലതരം സ്വസ്തികകളും വൃത്താകൃതിയിലുള്ള സൂര്യബിംബവുമുണ്ട്. എടയ്ക്കൽ ഗുഹയിൽ ഇന്ത്യയിലെ ഏറ്റവും പ്രാചീനമായ ചരിത്രാവശിഷ്ടങ്ങളാണുള്ളത്. കേരളത്തിന്റെ ദ്രാവിഡ സംസ്കൃതിയുടെ ചരിത്രം ഇവിടെ തുടങ്ങുന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.



എടയ്ക്കൽ ഗുഹാകവാടം

ഗുഹയ്ക്ക് 98 അടി നീളവും 22 അടി വീതിയും 30 അടി ഉയരവുമുണ്ട്. ഏറ്റവും മുകളിലെ ഗുഹയിൽ ലോകപ്രസിദ്ധമായ ശിലാചിത്രങ്ങൾ കാണാം. ഒരു ഗുഹയ്ക്കു മേലെ മറ്റൊന്ന് ഇരിക്കുന്നതുപോലെയാണ്



എടയ്ക്കൽ ഗുഹയിലെ ശിലാലിഖിതങ്ങൾ

ഗുഹ. ചുമരുകളിൽ സൂര്യനെ സൂചിപ്പിക്കുന്ന ബിംബങ്ങൾ, മയിലുകൾ, മാന്ത്രികചിഹ്നങ്ങൾ, കിരീടംവച്ച മനുഷ്യരൂപം, സ്ത്രീരൂപങ്ങൾ എന്നിവയുണ്ട്. കോറിയിട്ട ചിത്രങ്ങൾക്ക് മുക്കാലിഞ്ചു മുതൽ ഒരിഞ്ചുവരെ ആഴവും വീതിയുമുണ്ട്. കല്ലുളികൊണ്ട് കൊത്തിയാണ് അവ രൂപപ്പെടുത്തിയിരിക്കുന്നത്.

1895-ൽ, മലബാർ ജില്ലയിൽ പൊലീസ് സൂപ്രണ്ടായിരുന്ന ഫ്രെഡ് ഫോസെറ്റ് (Fred Fawcett) ആണ് ഈ ഗുഹ കണ്ടെത്തിയത്. തന്റെ വയനാട് സന്ദർശനത്തിനിടെ ഒരു കാപ്പിത്തോട്ടത്തിൽ അതിപുരാതനമായ ഒരു കന്മഴു ശ്രദ്ധയിൽപ്പെട്ടപ്പോൾ, ചരിത്രാതീതകാല പഠനത്തിൽ തത്പരനായ ഫോസെറ്റ് സന്നാഹങ്ങളുമായി ചെന്ന് അമ്പുകുത്തിമല എന്ന സ്ഥലത്ത് ഖനനം നടത്തുകയായിരുന്നു. നവീനശിലായുഗത്തിന്റേതായ കൊത്തുപണികൾ കണ്ടെത്തിയ തെന്നിന്ത്യയിലെ ഏക സ്ഥലമാണ് എടയ്ക്കൽ.

1966-ൽ വയനാട്ടിൽ 48 സ്ഥലങ്ങളിൽ പുരാവസ്തു സർവേ നടത്തി. എടയ്ക്കൽ ഗുഹയ്ക്ക് ഏതാനും കിലോമീറ്റർ അകലെ അക്ഷരപ്പാറ എന്നറിയപ്പെടുന്ന തൊവരിമലയിൽ ഗുഹയും ശിലാചിത്രങ്ങളും കണ്ടെത്തിയത് ഈ സർവേയിലാണ്.[1] ഇതിനെ തുടർന്നാണ് 'അമ്പലവയൽ മ്യൂസിയം' സ്ഥാപിതമായത്. കേരളത്തിൽ പുരാവസ്തു പഠനം നടന്നതിന്റെ വിശദമായ ഒരു റിപ്പോർട്ട്[2] The Iron Age In India എന്ന പേരിൽ

[1] ഡോ. എം.ആർ. രാഘവവാര്യർ, ഡോ. എൻ.എം. നമ്പൂതിരി, പി.കെ. ഉത്തമൻ, ഒ.കെ. ജോണി, രവീന്ദ്രൻതമ്പി, ജനയുഗം വിജയൻ തുടങ്ങിയവരാണ് സർവേയിലുണ്ടായിരുന്നത്.

[2] 1823-ൽ ബാബിങ്ടൺ നടത്തിയ പഠനം മുതൽ 1992 വരെയുള്ള പഠനങ്ങൾ വ്യക്തമാക്കുന്നതാണ് ഡോ. സത്യമൂർത്തി മങ്ങാട്ട് തയ്യാറാക്കിയ ഈ റിപ്പോർട്ട്.